**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 538** **23-06-2026-ൽ മറുപടിയ്ക്ക്**

**<u>ലഹരി വ്യാപനം തടയുന്നതിന് നടപടി</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. പി. കെ. പ്രവീൺ ശ്രീ. എം. ലിജു
(സഹകരണ-എക്സൈസ് വകുപ്പ് മന്ത്രി)

**(എ)** സംസ്ഥാനത്ത് ലഹരി വ്യാപനം തടയുന്നതിന് സ്വീകരിച്ച വരുന്ന നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

**<u>മറുപടി:</u>**

ഉണ്ട്. സംസ്ഥാനത്ത് മയക്കുമരുന്ന് ഉൾപ്പെടെയുള്ള ലഹരി വസ്തുക്കളുടെ ഉപയോഗത്തിലും അനധികൃത വിപണനത്തിലും വർദ്ധനവുണ്ടാകുന്ന പ്രവണത സർക്കാർ ഗൗരവമായി കാണുന്നുണ്ട്. ഇത് തടയുന്നതിനായി ലഹരി കടത്ത്, വിപണനം, ഉപയോഗം എന്നിവയ്ക്കെതിരെ എൻഫോഴ്സ്മെന്റ്, ബോധവൽക്കരണം, സാമൂഹിക പ്രതിരോധം, ഡി-അഡിക്ഷൻ ചികിത്സ, പുനരധിവാസം എന്നീ മേഖലകളെ ഏകോപിപ്പിച്ചുള്ള സമഗ്രമായ പ്രവർത്തനങ്ങൾ സർക്കാർ നടപ്പിലാക്കി വരുന്നു. ഇതിന്റെ ഭാഗമായി എക്സൈസ് വകുപ്പിന്റെ നേതൃത്വത്തിൽ "ഓപ്പറേഷൻ തണ്ടർ" എന്ന പേരിൽ പ്രത്യേക എൻ.ഡി.പി.എസ്. ഡ്രൈവുകൾ നടപ്പിലാക്കി ലഹരി ഇടപാടുകളിൽ ഏർപ്പെടുന്നവരെയും സംഘടിത ലഹരി ശൃംഖലകളെയും കണ്ടെത്തി നിയമ നടപടികൾ സ്വീകരിച്ചുവരുന്നു. ഓപ്പറേഷൻ തണ്ടറിന്റെ ഭാഗമായി നടത്തിയ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളുടെ ഫലമായി 828 NDPS കേസുകൾ കണ്ടെടുക്കുകയും 763 പ്രതികളിൽ 732 പേരെ അറസ്റ്റ് ചെയ്യുകയും 607025 രൂപ തൊണ്ടിയായി കണ്ടെടുക്കുകയും 29 വാഹനങ്ങൾ സർക്കാരിലേക്ക് കണ്ട് കെട്ടുകയും ചെയ്തിട്ടുണ്ട്. കൂടാതെ 7.94 ഗ്രാം ബ്രൗൺ ഷുഗർ, 14 കഞ്ചാവ് ബീഡി, 3 കഞ്ചാവ് സിഗററ്റ്, 133.790 കി ഗ്രാം കഞ്ചാവ്, 190 കഞ്ചാവ് ചെടികൾ, 27 ഗ്രാം ഹാഷിഷ്, 48.773 ഗ്രാം ഹാഷിഷ് ഓയിൽ, 164.76 ഗ്രാം ഹെറോയിൻ, 7 ഗ്രാം ഹൈബ്രിഡ് കഞ്ചാവ്, 461.135 ഗ്രാം MDMA, 60.766ഗ്രാം മെത്താംഫിറ്റാമിൻ, 14.42 ഗ്രാം നൈട്രോസെഫാം, 315 ഗ്രാം THC Candy, 36 e-cigaratte എന്നിവ കണ്ടെടുത്തിട്ടുണ്ട്.

പോലീസ് ഉൾപ്പെടെയുള്ള വിവിധ വകുപ്പുകളുമായി ചേർന്ന് സംയുക്ത പരിശോധനകൾ, അതിർത്തി പരിശോധനകൾ, ഹൈവേ പെട്രോളിംഗ്, പ്രത്യേക റെയ്ഡുകൾ എന്നിവ നടത്തിവരുന്നു. 14 ജില്ലകളിലും എക്സൈസ് എൻഫോഴ്സ്മെന്റ് ആൻഡ് ആന്റി നാർക്കോട്ടിക് സ്പെഷ്യൽ സ്ക്വാഡുകളും സംസ്ഥാന അതിർത്തികളിൽ കേരള എക്സൈസ് മൊബൈൽ ഇന്റർവെൻഷൻ യൂണിറ്റുകളും (KEMU) സജീവമായി പ്രവർത്തിച്ചുവരുന്നു. സാമൂഹിക മാധ്യമങ്ങൾ, ഡാർക്ക് വെബ്, കൊറിയർ സർവീസുകൾ എന്നിവ വഴിയുള്ള ലഹരി ഇടപാടുകൾ കണ്ടെത്തുന്നതിനായി എക്സൈസ് സൈബർ സെൽ പ്രവർത്തിച്ചുവരുന്നു.

വിദ്യാലയങ്ങൾ, കോളേജുകൾ, പൊതുഇടങ്ങൾ, അതിഥി തൊഴിലാളികൾ താമസിക്കുന്ന മേഖലകൾ എന്നിവ കേന്ദ്രീകരിച്ച് പ്രത്യേക പരിശോധനകളും ബോധവൽക്കരണ പരിപാടികളും സംഘടിപ്പിച്ച് വരുന്നു. സ്കൂളുകളിലെ ലഹരി വിരുദ്ധ ക്ലബ്ബുകൾ, കോളേജുകളിൽ രൂപീകരിച്ച 'നേർക്കൂട്ടം', 'ശ്രദ്ധ' കമ്മിറ്റികൾ വഴിയും 'നേർവഴി', 'ഉണർവ്' തുടങ്ങിയ പദ്ധതികളിലൂടെയും വിദ്യാർത്ഥികളിലും യുവജനങ്ങളിലും ലഹരിവിരുദ്ധ അവബോധം വളർത്തിവരുന്നു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ ജനകീയ സമിതികൾ രൂപീകരിച്ച് സാമൂഹിക പ്രതിരോധം ശക്തിപ്പെടുത്തിയിട്ടുണ്ട്.

24 മണിക്കൂറും പ്രവർത്തിക്കുന്ന എക്സൈസ് കൺട്രോൾ റൂമുകൾ, വാട്സ്ആപ്പ് വിവരശേഖരണ സംവിധാനങ്ങൾ, വിമുക്തി മിഷന്റെ ബോധവൽക്കരണ പ്രവർത്തനങ്ങൾ, ഡി-അഡിക്ഷൻ സെന്ററുകൾ, കൗൺസലിംഗ്, പുനരധിവാസ

| |
|---|
| പരിപാടികൾ എന്നിവയിലൂടെ ലഹരി ഉപയോഗത്തിൽ നിന്ന് വ്യക്തികളെ മോചിപ്പിച്ച് സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് തിരിച്ചു കൊണ്ടുവരുന്നതിനുള്ള സമഗ്രമായ നടപടികൾ സർക്കാർ സ്വീകരിച്ചുവരുന്നു. |
| |

**(ബി)** അന്തർ സംസ്ഥാന വാഹനങ്ങളിലായി നിരോധിത പുകയില ഉൽപ്പന്നങ്ങൾ കേരളത്തിലെത്തിക്കുന്ന സംഘത്തെ കണ്ടെത്തുന്നതിന് പ്രത്യേക സംവിധാനങ്ങൾ നടപ്പിലാക്കുമോ; കഞ്ചാവ് ഉൾപ്പെടെയുള്ള ലഹരി വസ്തുക്കൾ ഇതര സംസ്ഥാന തൊഴിലാളികൾ കേരളത്തിലെത്തിച്ച് വിൽപന നടത്തുന്ന കാര്യം പരിശോധിക്കുമോ; വിശദമാക്കുമോ;

**മറുപടി:** അന്തർസംസ്ഥാന വാഹനങ്ങളിലും ട്രെയിനുകളിലും നിരോധിത പുകയില ഉൽപ്പന്നങ്ങളും മയക്കുമരുന്നുകളും കേരളത്തിലേക്ക് കടത്തുന്നത് തടയുന്നതിനായി വിപുലമായ സുരക്ഷാ സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. റെയിൽവേ പോലീസ്, മറ്റ് അന്വേഷണ ഏജൻസികൾ എന്നിവരുമായി സഹകരിച്ച് സംസ്ഥാന അതിർത്തികളിലും ട്രെയിനുകളിലും കർശന പരിശോധനകൾ നടത്തിവരുന്നു. കൂടാതെ കേസുകളിൽ പിടികൂടുന്ന മയക്കുമരുന്നിന്റെ ഉറവിടം കണ്ടെത്തി തുടർനടപടികൾ സ്വീകരിച്ചു വരുന്നു. മയക്കുമരുന്ന് കടത്തിന്റെ പ്രധാന പ്രഭവകേന്ദ്രങ്ങൾ തെലങ്കാന, ആന്ധ്രപ്രദേശ്, ഒഡീഷ എന്നീ സംസ്ഥാനങ്ങളാണെന്ന് വിവിധ കേസുകളുടെ അന്വേഷണത്തിൽ നിന്നും ബോധ്യപ്പെട്ടിട്ടുള്ള സാഹചര്യത്തിൽ പ്രസ്തുത സംസ്ഥാനങ്ങളിൽ നിന്നും മയക്കുമരുന്ന് എത്തിച്ചതായി കണ്ടെത്തിയ കേസുകളുടെ വിശദാംശങ്ങൾ നാർക്കോട്ടിക് കൺട്രോൾ ബ്യൂറോയ്ക്ക് (NCB) കൈമാറുകയും, ടി വിവരങ്ങൾ ബന്ധപ്പെട്ട സംസ്ഥാനങ്ങളിലെ പോലീസിനും മയക്കുമരുന്ന് വിരുദ്ധ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന മറ്റ് ഏജൻസികൾക്കും ലഭ്യമാക്കി തുടർനടപടികൾ സ്വീകരിച്ചു വരുന്നു.

അന്യസംസ്ഥാനങ്ങളിൽ നിന്നുള്ള ലഹരികടത്ത് തടയുന്നതിന് റെയിൽവേ സ്റ്റേഷനുകൾ, അന്തർസംസ്ഥാന ബസ് ടെർമിനലുകൾ, പാർസൽ കേന്ദ്രങ്ങൾ എന്നിവ കേന്ദ്രീകരിച്ചുള്ള നിരീക്ഷണം ശക്തമാക്കിയിട്ടുണ്ട്. മയക്കുമരുന്ന് ഉപയോഗത്തിലും വിപണനത്തിലും അതിഥി തൊഴിലാളികളുടെ പങ്കാളിത്തം ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന്, അവർ താമസിക്കുന്ന ഇടങ്ങളിൽ പ്രത്യേക പരിശോധനകൾ ഏർപ്പെടുത്തിയിട്ടുണ്ട്. പോലീസ് വകുപ്പുമായി ചേർന്ന് അതിഥി തൊഴിലാളികളുടെ കേരളത്തിലേക്കുള്ള പ്രധാന ഗതാഗത ഉപാധികളായ എക്സ്പ്രസ് ട്രെയിനുകളിലും അന്തർസംസ്ഥാന ബസുകളിലും ഡോഗ് സ്ക്വാഡിന്റെ സഹായത്തോടെയുള്ള പരിശോധനകൾ കാര്യക്ഷമമായി നടത്തി വരുന്നു.

അതിഥി തൊഴിലാളികൾ തിങ്ങി പാർക്കുന്ന പെരുമ്പാവൂർ മേഖലകളിൽ ലഹരി ഉപയോഗവും, വിൽപ്പനയും വർദ്ധിച്ച് വരുന്നതായി ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ, ടി പ്രദേശങ്ങളിൽ എക്സൈസ് വകുപ്പ് പോലീസുമായും തൊഴിൽ വകുപ്പുമായും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായും സഹകരിച്ച് പ്രത്യേക പരിശോധനകളും സംയുക്ത റെയ്ഡുകളും രഹസ്യാന്വേഷണ പ്രവർത്തനങ്ങളും ശക്തിപ്പെടുത്തിയിട്ടുണ്ട്. ടി സ്ഥലങ്ങളിൽ എക്സൈസ് വകുപ്പ് 6748 റെയ്ഡുകൾ നടത്തുകയും 505 NDPS കേസുകളിലായി 313.867 Kg കഞ്ചാവും, 1139.926 ഗ്രാം ഹെറോയിനും, 1.615 Kg ഹാഷിഷ് ഓയിലും, 20.339 ഗ്രാം MDMA-യും ഉൾപ്പടെയുള്ളവ കണ്ടെത്തി കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

സംസ്ഥാന അതിർത്തികളിൽ ചെക്ക് പോസ്റ്റുകളിൽ പരിശോധന കർശനമാക്കിയിട്ടുണ്ട്. ചെക്ക് പോസ്റ്റുകൾ ഇല്ലാത്ത പ്രദേശങ്ങളിലും ഊടുവഴികളിലൂടെയുമുള്ള ലഹരികടത്ത് തടയുന്നതിനായി, അന്യസംസ്ഥാനങ്ങളുമായി അതിർത്തി പങ്കിടുന്ന ജില്ലകളായ തിരുവനന്തപുരം,

പാലക്കാട്; വയനാട്, കാസർഗോഡ് എന്നിവിടങ്ങളിൽ കേരള എക്സൈസ് മൊബൈൽ ഇന്റർവെൻഷൻ യൂണിറ്റുകൾ (KEMU) രൂപീകരിച്ച് പ്രവർത്തനം നടത്തിവരുന്നു.

**(സി)** സ്കൂൾ, കോളേജ് അധ്യയന വർഷം ആരംഭിച്ച സാഹചര്യത്തിൽ കുട്ടികളെ ലക്ഷ്യം വെച്ചുള്ള ലഹരി വസ്തുക്കളുടെ വില്പന തടയുന്നതിനുള്ള പരിശോധന സംവിധാനം കാര്യക്ഷമമാക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചു വരുന്നതെന്ന് വിശദമാക്കാമോ?

**<u>മറുപടി:</u>** പുതിയ അദ്ധ്യയന വർഷം ആരംഭിക്കുന്നതിന് മുന്നോടിയായി, സ്കൂളുകൾ കേന്ദ്രീകരിച്ച് ലഹരി വിരുദ്ധ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിനായി എൻഫോഴ്സ്മെന്റ് വിഭാഗത്തിന് കൃത്യമായ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. ഇതിന്റെ ഭാഗമായി ഓരോ ജില്ലയിലെയും സ്കൂളുകളുടെ വിവരങ്ങൾ ശേഖരിച്ച് റെയ്ഞ്ചിന്റെ ചുമതല വഹിക്കുന്നവർ നേരിട്ട് സ്കൂളുകൾ സന്ദർശിച്ച് ആവശ്യമായ നടപടികൾ സ്വീകരിച്ച് വരുന്നു. സ്കൂൾ കോമ്പൗണ്ടിനുള്ളിലെ ഉപയോഗ ശൂന്യമായ കെട്ടിടങ്ങൾ, ബാത്ത്റൂമുകൾ, കുറ്റിക്കാടുകൾ, മറഞ്ഞിരിക്കാൻ സാധിക്കുന്ന മറ്റ് സ്ഥലങ്ങൾ എന്നിവ കണ്ടെത്തി അവ പരിഹരിക്കാൻ സ്കൂൾ അധികൃതർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ, സ്കൂളുകളിലെ ലഹരി വിരുദ്ധ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി ഓരോ സ്കൂളിലും ഒരു എക്സൈസ് ഓഫീസറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇത്തരം പ്രവർത്തനങ്ങൾ ജില്ലാ-മേഖലാ തലത്തിലുള്ള ഉന്നത ഉദ്യോഗസ്ഥർ ആഴ്ചതോറും അവലോകനം ചെയ്യുന്നു. വിദ്യാർത്ഥികൾ ലഹരി ഉപയോഗിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടാൽ മാതാപിതാക്കളെ വിവരമറിയിക്കുകയും കൗൺസിലിംഗ്, ഡി-അഡിക്ഷൻ ചികിത്സകൾ തുടങ്ങിയ ഉചിതമായ തുടർനടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്.

സ്കൂൾ പരിസരത്തെ കടകളിൽ പുകയില ഉൽപ്പന്നങ്ങളും മറ്റ് ലഹരിവസ്തുക്കളും വിൽക്കുന്നില്ലെന്ന് ഉറപ്പാക്കാൻ തുടർച്ചയായ പരിശോധനകൾ നടത്തിവരുന്നു. നിയമവിരുദ്ധമായി പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ ലൈസൻസ് റദ്ദ് ചെയ്യുന്നതുൾപ്പെടെയുള്ള കർശന നിയമ നടപടികൾ സ്വീകരിച്ചുവരുന്നു. ജൂൺ മാസം മുതൽ സ്കൂളുകളിൽ ക്ലാസുകൾ ആരംഭിക്കുന്നതിന് മുൻപും ശേഷവും എക്സൈസ് ഉദ്യോഗസ്ഥർ യൂണിഫോമിലും മഫ്തിയിലും സ്കൂൾ പരിസരങ്ങളിൽ പട്രോളിങ് നടത്തിവരുന്നു. കൂടാതെ, പോലീസ്, ആരോഗ്യം, ഡ്രഗ് കൺട്രോൾ, മോട്ടോർ വാഹനം, തദ്ദേശസ്വയംഭരണം തുടങ്ങിയ മറ്റ് സർക്കാർ വകുപ്പുകളുമായി ചേർന്നും സ്കൂൾ പരിസരങ്ങളിൽ പരിശോധന നടത്തുന്നുണ്ട്. സ്കൂൾ പരിസരങ്ങളിൽ സംശയാസ്പദമായി കാണപ്പെടുന്ന യുവാക്കളെ നിരീക്ഷിക്കുകയും, വിദ്യാർത്ഥികളുമായുള്ള ഇവരുടെ ഇടപെടലുകൾ അന്വേഷിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്.

സ്കൂൾ പരിസരങ്ങളിലെ ലഹരി വിരുദ്ധ പ്രവർത്തനങ്ങളുടെ ഭാഗമായി അദ്ധ്യാപകർ, രക്ഷിതാക്കൾ, വാർഡ് അംഗങ്ങൾ, ഓട്ടോ-ടാക്സി ഡ്രൈവർമാർ എന്നിവരെ ഉൾപ്പെടുത്തി പി.റ്റി.എ യോഗങ്ങൾ സംഘടിപ്പിച്ചിട്ടുണ്ട്. 2026 മെയ് 15 മുതൽ ജൂൺ 05 വരെയുള്ള കാലയളവിൽ 4868 സ്കൂളുകളിൽ പരിശോധന നടത്തുകയും, 7163 കടകളിൽ പരിശോധന നടത്തി 14 കടകളിൽ നിന്ന് ലഹരി പദാർത്ഥങ്ങൾ കണ്ടെത്തുകയും ചെയ്തിട്ടുണ്ട്. കൂടാതെ, ലഹരി ഉപയോഗവുമായി ബന്ധപ്പെട്ട് 333 വിദ്യാർത്ഥികൾക്ക് കൗൺസിലിംഗ്/ഡി-അഡിക്ഷൻ ചികിത്സ നൽകുകയും ചെയ്തിട്ടുള്ളതാണ്. സ്കൂളുകളിൽ ലഹരി എത്തിക്കുന്ന മാർഗ്ഗങ്ങൾ നാട്ടുകാരുടെ സഹകരണത്തോടെ കണ്ടെത്തി നിയമപരമായി തടയുന്നതിനുള്ള എല്ലാ നടപടികളും സ്വീകരിച്ചു വരുന്നു. ഈ അധ്യയന വർഷം ഇത്തരം ലഹരിവിരുദ്ധ പ്രവർത്തനങ്ങൾ കൂടതൽ കാര്യക്ഷമമായി മുന്നോട്ട് കൊണ്ടുപോകുന്നതിനാണ് എക്സൈസ് വകുപ്പ് ലക്ഷ്യമിടുന്നത്.

**സെക്ഷൻ ഓഫീസർ**